"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലനം - സംസ്ഥാനത്ത് അഞ്ച് (5) പുതിയ സർക്കാർ ഐ.ടി.ഐ കൾ ആരംഭിക്കുന്നതിന് അനുമതി നൽകി - ആയതിന്റെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ തസ്തികകൾ സൃഷ്ടിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

**സ.ഉ.(കൈ) നം.5/2021/തൊഴിൽ** തീയതി,തിരുവനന്തപുരം, 21/01/2021

---

പരാമർശം:- 1) ട്രെയിനിംഗ് ഡയറക്ടറുടെ 27.10.2020 ലെ ഡി.ടി/3065/2020-ഐ4 നമ്പർ കത്ത്.

2) സ.ഉ.(സാധാ) നം. 1224/2020/തൊഴിൽ തീയതി 13.11.2020

**<u>ഉത്തരവ്</u>**

2020-21 ബഡ്ജറ്റിൽ സംസ്ഥാനത്ത് ഏലപ്പാറ (ഇടുക്കി), പോരുവഴി (കൊല്ലം), വാഴക്കാട് (മലപ്പുറം), കരുണാപുരം (ഇടുക്കി), കുളത്തൂപ്പുഴ (കൊല്ലം) എന്നിവിടങ്ങളിലായി 5 പുതിയ സർക്കാർ ഐ.ടി.ഐ കൾ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. കൂടാതെ ടി ഐ.ടി.ഐ കൾക്കായി 7.92 കോടി രൂപ വകയിരുത്തുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 5 പുതിയ സർക്കാർ ഐ.ടി.ഐ കൾ ആരംഭിക്കുന്നതിനും ഇതിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനും പരാമർശം 1 ലെ കത്ത് പ്രകാരം ട്രെയിനിംഗ് ഡയറക്ടർ ശിപാർശകൾ സമർപ്പിച്ചിരുന്നു. ആയത് പരിശോധിച്ച ശേഷം 5 ഐ.ടി.ഐ കൾ ആരംഭിക്കുന്ന ഇനത്തിൽ വരുന്ന അനാവർത്തന ചെലവായ 4,70,14,000/- രൂപയ്ക്ക് (നാലുകോടി എഴുപത് ലക്ഷത്തി പതിനാലായിരം രൂപ മാത്രം) ഭരണാനുമതി നൽകി പരാമർശം - 2 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) പുതിയ ഐ.ടി.ഐ. കൾ ആരംഭിക്കുന്നതിനായി ട്രെയിനിംഗ് ഡയറക്ടർ സമർപ്പിച്ച ശുപാർശ സർക്കാർ വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴ, പോരുവഴി ഇടുക്കി ജില്ലയിലെ ഏലപ്പാറ, കരുണാപുരം മലപ്പുറം ജില്ലയിലെ വാഴക്കാട് എന്നീ സ്ഥലങ്ങളിൽ ചുവടെ ചേർക്കും പ്രകാരമുള്ള ട്രേഡുകൾ ആരംഭിച്ചുകൊണ്ടും തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും സംസ്ഥാനത്ത് പുതിയ 5 സർക്കാർ ഐ.ടി.ഐ.കൾ സ്ഥാപിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | ഐ.ടി.ഐ. | ട്രേഡുകൾ | തസ്തികകൾ | |
|---|---|---|---|---|
| 1 | ഏലപ്പാറ | • പ്ലംബർ<br>• റെഫ്രിജറേഷൻ & എയർ കണ്ടീഷനിംഗ് | പ്രിൻസിപ്പൽക്ലാസ് II | 1 |
| | | | ജൂനിയർ സൂപ്രണ്ട് | 1 |
| | | | ജൂനിയർ ഇൻസ്ട്രക്ടർ | 4 |
| | | | ക്ലാർക്ക് | 1 |
| | | | എൽ.ഡി. സ്റ്റോർകീപ്പർ | 1 |